പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -1567 21. 01. 2014- ലെ മറുപടി

## നിതാഖത്ത് നിയമപ്രകാരം തിരിച്ചുവന്നവർക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. കെ. ടി. ജലീൽ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) നിതാഖത്ത് നിയമപ്രകാരം സൗദി അറേബ്യയിൽ നിന്നും തിരിച്ച് വന്നിട്ടുള്ള ആളുകളുടെ കണക്ക് എടുത്തിട്ടുണ്ടോ; | (എ) സൗദിയിൽ നിതാഖത്ത് നിയമം കർശനമാക്കിയതിനെത്തുടർന്ന് തിരികെയെത്തിയ മലയാളികളുടെ കണക്ക് നോർക്ക വകുപ്പിൽ ലഭ്യമല്ല. എന്നാൽ 01/04/2013 മുതൽ 31/12/2013 വരെ കേരളത്തിലെ വിമാനത്താവളങ്ങളിൽ ഏർപ്പെടുത്തിയിരുന്ന ഹെൽപ് ഡെസ്കുകളിലൂടെയും നോർക്ക - റൂട്ട്സിന്റെ വെബ്സൈറ്റിൽ ഓൺലൈനിലൂടെയും ആകെ 20,835 പേർ സൗദി അറേബ്യയിൽ നിന്ന് മടങ്ങിയെത്തിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത്തരം ആളുകളുടെ കണക്ക് ജില്ലതിരിച്ച് വ്യക്തമാക്കാമോ; | (ബി) |

| | |
|---|---|
| തിരുവനന്തപുരം | 2064 |
| കൊല്ലം | 2068 |
| പത്തനംതിട്ട | 336 |
| ആലപ്പുഴ | 640 |
| കോട്ടയം | 202 |
| ഇടുക്കി | 71 |
| എറണാകുളം | 397 |
| തൃശൂർ | 575 |
| പാലക്കാട് | 1286 |
| മലപ്പുറം | 8481 |
| കോഴിക്കോട് | 2471 |
| വയനാട് | 513 |
| കണ്ണൂർ | 1236 |
| കാസർക്കോട് | 220 |

ജില്ല വയ്ക്കാതെ രജിസ്റ്റർ ചെയ്തവർ 275

| ചോദ്യം | ഉത്തരം |
|---|---|
| (സി) നിതാഖത്ത് പ്രകാരം മടങ്ങിവന്ന ആളുകൾക്കായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;<br>(ഡി) എങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (സി & ഡി) വിദേശ രാജ്യങ്ങളിൽ നിന്നും തിരികെയെത്തിയ മലയാളികളുടെ പുനരധിവാസത്തിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന ഒരു സ്വയംതൊഴിൽ പദ്ധതിയും കൂടാതെ നിതാഖത്ത് പോലുള്ള സ്വദേശീവത്കരണ നയം മൂലം കൂടുതൽ പ്രവാസികൾ മടങ്ങിവരേണ്ട സാഹചര്യം ഉണ്ടായാൽ അവരുടെ പുനരധിവാസത്തിനായി ഒരു സമഗ്ര പുനരധിവാസ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബാങ്കുകളിലൂടെയും ധനകാര്യ സ്ഥാപനങ്ങളിലൂടെയും വായ്പ ലഭ്യമാക്കുന്നതിനും ഇത്തരത്തിൽ ലഭ്യമാക്കുന്ന വായപകൾക്ക് 10% മൂലധന സബ്സിഡി നൽകുന്നതിനും(പരമാവധി രണ്ട് ലക്ഷം രൂപ) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് വ്യവസ്ഥ ചെയ്യുന്നു. കൂടാതെ ബാങ്ക് വായ്പകളിന്മേൽ പലിശ ഇളവ് നൽകുന്ന കാര്യത്തിൽ കേന്ദ്ര സഹായം തേടാനും തീരുമാനിച്ചിട്ടുണ്ട്. സമഗ്ര പുനരധിവാസ പദ്ധതിയിൽ താഴെപ്പറയുന്ന അഞ്ച് ഘടകങ്ങളാണുള്ളത്.

1. തിരികെയെത്തിയ പ്രവാസികളെ വിദേശരാജ്യങ്ങളിലേക്ക് തന്നെ തൊഴിലിനായി മടക്കി അയക്കുക.
2. ആഭ്യന്തര തൊഴിൽ മേഖലയിലേക്ക് പ്രവാസികളുടെ പുനരേകീകരണം
3. സ്വയം സംരംഭക സഹായ പദ്ധതി
4. സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുക
5. സ്വയം തൊഴിൽ / നിക്ഷേപ സംരംഭങ്ങൾ

പിന്നാക്ക സമുദായത്തിൽപ്പെട്ട തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 3% പലിശനിരക്കിൽ പരമാവധി 10 ലക്ഷം രൂപ വായ്പ അനുവദിക്കുന്ന പദ്ധതി പിന്നാക്ക സമുദായ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്.

(ഇ) പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്കാണ് ആനുകൂല്യം ലഭിച്ചത് എന്ന് വിശദമാക്കാമോ?

(ഇ) പദ്ധതികൾ നടപ്പാക്കാനാരംഭിച്ചിട്ടേയുള്ളൂ.

സെക്ഷൻ ഓഫീസർ